# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

10-06-2021

## (11) നിയമസഭാ ചോദ്യത്തിനുള്ള മറുപടി സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചത് സംബന്ധിച്ച്

2021 ജൂൺ 10-ാംതീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, സഭയുടെ നടപ്പുസമ്മേളനത്തിൽ, 07.06.2021-ലെ നക്ഷത്രചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം സഭാതലത്തിൽ വരുന്നതിനുമുമ്പായി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചത് ചട്ടം 47(3)-ന്റെ ലംഘനവും അംഗങ്ങളോടും സഭയോടുമുള്ള അനാദരവുമാകയാൽ ഇക്കാര്യത്തിൽ റൂളിംഗ് നൽകണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

നിയമസഭാ ചോദ്യങ്ങൾക്ക് നിയമസഭാതലത്തിൽത്തന്നെ ഉത്തരം ലഭിക്കുവാനുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രത്യേക അവകാശത്തിന് പ്രത്യക്ഷത്തിൽ ലംഘനം ഉണ്ടായിട്ടില്ലെങ്കിലും അനുചിതമായ നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായതായി ചെയർ

---

നിരീക്ഷിക്കുന്നു. ഇത്തരം പ്രവണതകൾ ആവർത്തിക്കപ്പെടാതിരിക്കുവാനായി സർക്കാർ ഇതുസംബന്ധിച്ച് സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം നടത്തണമെന്നും വീഴ്ച വരുത്തിയവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.